

8
ബുധൻ
2018 ആഗസ്ത്
1193 കർക്കടകം 23

മക്തബ്

www.makthabdaily.com

തളിപ്പറമ്പ
പുസ്തകം 11 ലക്കം 241 makthabdaily@gmail.com RNI Reg.No.KER MAL/2007/22043 Reg.No.KL/KNR/15/2018-20 Ph: 0460- 2208010 പേജ് 4 വില: 5.00 രൂപ

പ്രധാന വൈദ്യൻ : മൈക്കീൽ രവീന്ദ്രൻ (ചരകൻ) (കേരള സർക്കാരിന്റെ 'നാട്ടുവൈദ്യം' 'വനമിത്രം' പുരസ്കാര ജേതാവ്) Mob: 9446 840 031
ചരകൻ™
ആയുർവേദ വൈദ്യ മഠം
തൃച്ചംബരം പെട്രോൾ പമ്പ്, പ്ലാത്തോട്ടം റോഡ്
Near രാജ്യ ഹാൾ, കോട്ടക്കുന്ന്, തളിപ്പറമ്പ്
Pharmacy: 04602300031
Office: 9400692669, 9633173434
പാക്കേജുകൾ മിതമായ നിരക്കിൽ
5 Days 7 Days 14 Days ROOMS AVAILABLE A/c & Non A/c
കർക്കിടകം ആയുർവേദത്തിലൂടെ....
- രസായന ചികിത്സ
- പഞ്ചകർമ്മ ചികിത്സ
- നവരക്കിഴി
- വിവിധതരം ധാരകൾ
- ഉഴിച്ചലുകൾ
- വസ്തികൾ
- ഇലക്കിഴി
- പൊടിക്കിഴി
- സ്റ്റീം ബാത്ത്

ജില്ലയിൽ ഏഴിടത്ത് ഉരുൾപൊട്ടി

പ്രളയത്തിൽ മുങ്ങി ആലക്കോട് മലയോരം; ചപ്പാരപ്പടവ് ടൗൺ വെള്ളത്തിലായി

ഒറ്റത്തൈയിലും കാപ്പിമലയിലും ഉരുൾപൊട്ടി; വൻ നാശം

- **റോയി തോമസ്**

ആലക്കോട്: രണ്ട് ദിവസമായി ഇടതടവില്ലാതെ പെയ്തുകൊണ്ടിരിക്കുന്ന കനത്ത മഴയിൽ മലയോരത്ത് വൻനാശം. ഒറ്റത്തൈ ഉടുമ്പേരി, കാപ്പിമല, വൈതൽക്കുണ്ട് പ്രദേശങ്ങളിലും കർണ്ണാടക വനത്തിലും ഉരുൾപൊട്ടി. ഇന്നലെ രാത്രിയിലും ഇന്ന് രാവിലെയുമാണ് ഉരുൾപൊട്ടിയത്. ഒറ്റത്തൈ ഉടുമ്പേരിയിലുണ്ടായ ഉരുൾപൊട്ടലിൽ നിരവധി ഏക്കർ കൃഷി സ്ഥലം നശിച്ചു. കൂറ്റൻപാറകൾ മലമുകളിൽ നിന്ന് താഴേക്ക് പതിച്ചത് താഴ്‌വരയിലെ ജനങ്ങളെ ഏറെ ഭീതിയിലാഴ്ത്തി. റിട്ട. പോലീസ് ഉദ്യോഗസ്ഥൻ പരിയാരം സ്വദേശി എൻ.വി.ചന്തുക്കുട്ടി ഉൾപ്പെടെയുള്ളവരുടെ ഉടുമ്പേരിയിലെ സ്ഥലത്താണ് ഉരുൾപൊട്ടിയത്. തെങ്ങ്, കവുങ്ങ് ഉൾപ്പെടെ നിരവധി കാർഷിക വിളകൾ നശിച്ചു. കൃഷിയിടങ്ങൾ കുത്തിയൊലിച്ച നിലയിലാണ്. മലമുകളിൽ നിന്ന് ഉരുണ്ടിറങ്ങിയ കൂറ്റൻ പാറകൾ താഴ്‌വരയിലെ വീടുകൾക്ക് സമീപം വന്ന് നിൽക്കുകയാണ്. ഉടുമ്പേരിയിലെ കുന്നക്കാട്ട് മണി ഉൾപ്പെടെയുള്ളവരുടെ നിരവധി വീടുകൾ ഇതേ തുടർന്ന് അപകട ഭീഷണിയിലാണ്. കാപ്പിമല വൈതൽക്കുണ്ടിൽ ഇന്ന് രാവിലെ തെക്കേടത്ത് ബിജുവിന്റെ കൃഷിയിടത്തിൽ ഉരുൾപൊട്ടി വൻ നാശം നേരിട്ടു. കർണ്ണാടക വനത്തിലുണ്ടായ ഉരുൾപൊട്ടൽ മണക്കടവ്, കാർത്തികപുരം, രയരോം മേഖലകളിൽ കനത്ത നാശം വിതച്ചു. പുഴകൾ കരകവിഞ്ഞൊഴുകുകയാണ്. പുഴയോരങ്ങളിലെ നിരവധി വീടുകൾ വെള്ളത്തിലായി. മുക്കട കമ്പിപ്പാലത്തിന് സമീപത്തെ പുത്തൻവീട്ടിൽ അനിൽകുമാർ, സഹോദരൻ മധു, മുകളേൽ സുര, സാബു, കൊല്ലാറത്ത് രാജീവ്, അരീക്കൽ സജീവ് എന്നിവർ ഇന്നലെ രാത്രിയിൽ പുറംലോകത്ത് നിന്ന് ഒറ്റപ്പെട്ടു. മുക്കട പുഴയിലെ വെള്ളപ്പൊക്കമാണ് ഇവരെ ഒറ്റപ്പെടുത്തിയത്. സംഭവമറിഞ്ഞ് ആലക്കോട് പോലീസ് സ്ഥലത്ത് എത്തിയിട്ടുണ്ട്. ചപ്പാരപ്പടവ് ടൗൺ വെള്ളത്തിന് അടിയിലായി. നിരവധി കടകളിൽ വെള്ളം കയറിയ നിലയിലാണ്. സമീപകാലത്തെ ഏറ്റവും വലിയ പ്രളയദുരിതമാണ് മലയോരത്ത് സംഭവിച്ചുകൊണ്ടിരിക്കുന്നത്.

കനത്ത മഴയിൽ അരയേക്കറിലധികം കൃഷിയിടം കുത്തിയൊലിച്ച് നശിച്ചു. പാത്തൻപാറയിലെ മുടവനാട്ട് ഷിബുവിന്റെ കൃഷിയിടമാണ് നശിച്ചത്. റബർ ഉൾപ്പെടെയുള്ള കാർഷികവിളകൾ നശിച്ചു.

ഒറ്റത്തൈ ഉടുമ്പേരിയിലുണ്ടായ ഉരുൾപൊട്ടൽ

പയ്യാവൂർ, ഇരിട്ടി മലയോര മേഖലകളിലും ഉരുൾപൊട്ടൽ നിരവധി പ്രദേശങ്ങൾ വെള്ളത്തിനടിയിൽ

വൻ കൃഷിനാശം • അപകട മേഖലയിൽ നിന്ന് ആളെ മാറ്റി പാർപ്പിക്കുന്നു

പൈസക്കരിപ്പുഴ കരകവിഞ്ഞ് പാലത്തിന് മുകളിലൂടെ ഒഴുകുന്നു

- **പി.മനൂപ്**

ഇരിട്ടി/പയ്യാവൂർ: കർണ്ണാടക വനത്തിൽ പലയിടങ്ങളിലും ഉരുൾപൊട്ടിയതിന്റെ തുടർച്ചയായി കേരളത്തിന്റെ അതിർത്തി പ്രദേശങ്ങളിലും ഉരുൾപൊട്ടി. പുഴകൾ കരകവിഞ്ഞൊഴുകിയതിനെ തുടർന്ന് പല പ്രദേശങ്ങളും വെള്ളത്തിനടിയിലായി. വൻതോതിൽ കൃഷിനാശം സംഭവിച്ചു. അപകട മേഖലയിൽ നിന്ന് ആളുകളെ മാറ്റി പാർപ്പിക്കുകയാണ്. പയ്യാവൂർ, ഏരുവേശി, ഉളിക്കൽ പഞ്ചായത്തുകളിലെ വിദ്യാലയങ്ങൾക്ക് ഇന്ന് അവധി പ്രഖ്യാപിച്ചു. ശ്രീകണ്ഠപുരം മേഖലയിലെ ചില വിദ്യാലയങ്ങളും ഇന്ന് പ്രവർത്തിക്കുന്നില്ല.

പയ്യാവൂർ പഞ്ചായത്തിലെ ആടാംപാറ, ഒന്നാംപാലം എന്നിവിടങ്ങളിലാണ് ഇന്ന് രാവിലെ ഉരുൾപൊട്ടലുണ്ടായത്. ആടാംപാറയിലാണ് കനത്ത തോതിൽ ഉരുൾപൊട്ടലുണ്ടായത്. കർണ്ണാടക വനാതിർത്തിയോട് ചേർന്ന് നിൽക്കുന്ന പ്രദേശമാണിത്. ഒന്നാം പാലം ഉടുപ്പാൻ കവല, ചന്ദനക്കാംപാറ എന്നിവിടങ്ങളിലും കനത്ത നാശനഷ്ടം നേരിട്ടു. ശ്രീകണ്ഠപുരം, പൊടിക്കളം, പയ്യാവൂർ, പൈസക്കരി മേഖലകളും വെള്ളത്തിനടിയിലാണ്. ചന്ദനക്കാംപാറ, വണ്ണായിക്കടവ് പാലങ്ങൾ വെള്ളത്തിനടിയിലായി. ഇതേ തുടർന്ന് പയ്യാവൂരിൽ നിന്ന് ഈ പ്രദേശത്തേക്കുള്ള വാഹന ഗതാഗതം പൂർണ്ണമായും നിലച്ചു. കർണ്ണാടക വനത്തിലുണ്ടായ ഉരുൾപൊട്ടലിനെ തുടർന്ന് കൂറ്റൻ പാറക്കല്ലുകളും മറ്റും ഈ പ്രദേശങ്ങളിലേക്ക് ഒഴുകിയെത്തുകയായിരുന്നു. കാഞ്ഞിരക്കൊല്ലി പുഴയിലും ജലനിരപ്പ് ക്രമാതീതമായി ഉയർന്നിട്ടുണ്ട്. ഷിമോഗ കോളനി, മുടിക്കയംമല, വഞ്ചിയം പ്രദേശങ്ങളിലും വെള്ളം കയറിയിട്ടുണ്ട്. ആടാംപാറയിലെ വല്ലൂർ അന്നമ്മ, വഞ്ചിയത്തെ കല്ലാ രാജമ്മ, കല്ലാ നാരായണി, സുരേഷ്, മലയൻകുന്നേൽ ശ്രീധരൻ എന്നിവരുടെ വീടുകളിൽ കല്ലും പാറയും ഒലിച്ചുവന്നതിനെ തുടർന്ന് ഇവരുടെ കുടുംബങ്ങളെ മാറ്റി പാർപ്പിച്ചു.

ഇരിട്ടി മലയോര മേഖലയിൽ മണിക്കടവ് ടൗൺ, ഉളിക്കൽ, ആറളം ഫാം എന്നിവിടങ്ങളിൽ വെള്ളം കയറിയിട്ടുണ്ട്. ആറളം ഫാമിൽ ഉരുൾപൊട്ടിയിട്ടുണ്ട്. വട്ട്യാംതോട് കരകവിഞ്ഞൊഴുകുകയാണ്. വയത്തൂർ, പൊയൂർക്കരി പാലങ്ങൾ വെള്ളത്തിനടിയിലാണ്. ഈ പ്രദേശത്ത് കാൽനടയാത്ര പോലും അസാധ്യമായിരിക്കുകയാണ്. കാഞ്ഞിരപ്പുഴ, ചീങ്കണ്ണിപ്പുഴ എന്നീ പുഴകൾ കരകവിഞ്ഞൊഴുകുകയാണ്.

കോടതി കനിഞ്ഞു; കലൈഞ്ജർക്ക് അന്ത്യവിശ്രമം മറീനയിൽ

ചെന്നൈ: ദ്രാവിഡ രാഷ്ട്രീയത്തിന്റെ അമരക്കാരനായ എം.കരുണാനിധിക്ക് അന്ത്യവിശ്രമം മറീന ബീച്ചിൽ തന്നെ. അദ്ദേഹത്തെ മറീനയിൽ സംസ്കരിക്കാൻ അനുവദിക്കണമെന്ന ഡി.എം.കെയുടെ വാദം ചെന്നൈ ഹൈക്കോടതി അംഗീകരിച്ചു. മറീനയിൽ സംസ്കരിക്കുന്നതിനെ എതിർത്ത സർക്കാർ വാദം കോടതി തള്ളിക്കളഞ്ഞു.

മുഖ്യമന്ത്രിയായിരിക്കെ മരണമടഞ്ഞവർക്ക് മാത്രമേ മറീനയിൽ സംസ്കാരത്തിന് സ്ഥലം നൽകുകയുള്ളൂവെന്നായിരുന്നു സർക്കാർ വാദം. സർക്കാരിന്റെ നയങ്ങളിൽ ഇടപെടാൻ കോടതിക്ക് അധികാരമില്ലെന്നും സർക്കാർ വാദിച്ചു. എന്നാൽ ഡി.എം.കെയുടെ സ്ഥാപക നേതാവ് അണ്ണാദുരൈ തന്റെ ജീവാത്മാവും പരമാത്മാവും കരുണാനിധിയാണെന്ന് പറഞ്ഞത് ചൂണ്ടിക്കാണിച്ച് അദ്ദേഹത്തിന്റെ സമീപം തന്നെ സംസ്കരിക്കാൻ സൗകര്യമൊരുക്കണമെന്നാവശ്യപ്പെട്ടു. സർക്കാരിന്റെ വാദം തള്ളിക്കളഞ്ഞാണ് ആക്ടിംഗ് ചീഫ് ജസ്റ്റിസ് വിധി പുറപ്പെടുവിച്ചത്.

കരുണാനിധിയുടെ സംസ്കാരം ഇന്ന് വൈകുന്നേരം 6.10ന് നടക്കും. പ്രധാനമന്ത്രി നരേന്ദ്രമോദി സംസ്കാര ചടങ്ങിൽ പങ്കെടുക്കാൻ എത്തിയിട്ടുണ്ട്. കോൺഗ്രസ് അധ്യക്ഷൻ രാഹുൽഗാന്ധിയുമെത്തും. കേരള ഗവർണ്ണർ പി.സദാശിവം, മുഖ്യമന്ത്രി പിണറായി വിജയൻ, പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല എന്നിവരും ചടങ്ങിൽ സംബന്ധിക്കും. മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി, പശ്ചിമബംഗാൾ മുഖ്യമന്ത്രി മമത ബാനർജി, ചലച്ചിത്രരംഗത്തെ പ്രമുഖരായ രജനികാന്ത്, കമലഹാസൻ, സൂര്യ, വൈരമുത്തു, പ്രഭു തുടങ്ങിയ നിരവധി പേർ ആദരാഞ്ജലിയർപ്പിച്ചവരിൽ ഉൾപ്പെടും. രാജാജി ഹാളിൽ പൊതുദർശനത്തിന് വച്ച മൃതദേഹം അവസാനമായി ഒരു നോക്ക് കാണാൻ തമിഴകം ഒഴുകിയെത്തിക്കൊണ്ടിരിക്കുകയാണ്.

ഡപ്യൂട്ടി കലക്ടർ ചമഞ്ഞ് കടമ്പേരി സ്വദേശികളിൽ നിന്ന് ലക്ഷങ്ങൾ തട്ടിയ യുവാവ് ഗുരുവായൂരിൽ പിടിയിൽ

തളിപ്പറമ്പ: ഫെയ്സ്ബുക്ക് വഴി പരിചയപ്പെട്ട കടമ്പേരി സ്വദേശികൾക്ക് എയർഇന്ത്യയിൽ ജോലി വാഗ്ദാനം ചെയ്ത് ലക്ഷങ്ങൾ തട്ടിയെടുത്ത് മുങ്ങിയ യുവാവിനെ ഗുരുവായൂരിൽ വെച്ച് സാഹസികമായി പിടികൂടി. പാലക്കാട് മണ്ണംപറ്റയിലെ എം.വി. പ്രശാന്തിനെയാണ് കസ്റ്റഡിയിലെടുത്തത്. ഇയാളെ തളിപ്പറമ്പിലേക്ക് കൊണ്ടുവരാനായി എ.എസ്.ഐ പുരുഷോത്തമന്റെ നേതൃത്വത്തിൽ തളിപ്പറമ്പ പോലീസ് ഗുരുവായൂരിലെത്തിയിട്ടുണ്ട്. തളിപ്പറമ്പ എസ്.ഐ കെ. ദിനേശന് കിട്ടിയ രഹസ്യ വിവരത്തെ തുടർന്ന് പരാതിക്കാരെ ഉപയോഗിച്ചാണ് തട്ടിപ്പുകാരനെ കുടുക്കിയത്. കടമ്പേരി ഉത്രം വില്ലയിലെ എം. ജിതിൻ, സുഹൃത്ത് ശ്രീഹരി എന്നിവരിൽ നിന്നാണ് പ്രശാന്ത് മൂന്നേമുക്കാൽ ലക്ഷം രൂപ തട്ടിയെടുത്തത്.

2018 ആഗസ്ത് മാസത്തിലാണ് ജിതിൻ ഫെയിസ് ബുക്ക് വഴി പ്രശാന്തിനെ പരിചയപ്പെടുന്നത്. ഐ.എ.എസ് ബിരുദധാരിയാണെന്നും ചെന്നൈയിൽ ഡപ്യൂട്ടി കലക്ടറായി ജോലി ചെയ്യുകയാണെന്നും ജിതിനെ പ്രശാന്ത് പറഞ്ഞ് വിശ്വസിപ്പിക്കുകയായിരുന്നു. തുടർന്ന് ഫെയ്സ്ബുക്കിലൂടെയും വാട്സ്ആപ്പിലൂടെയും നിരന്തരം ബന്ധപ്പെട്ട് ഇരുവരും അടുത്ത സുഹൃത്തുക്കളായി മാറി. ഇതിനിടയിൽ ഉന്നതരുമായി ബന്ധമുണ്ടെന്ന് വിശ്വസിപ്പിച്ച് എയർഇന്ത്യയിൽ ഇരുവർക്കും ജോലി തരപ്പെടുത്താമെന്ന് വിശ്വസിപ്പിച്ചാണ് തുക കൈപ്പറ്റിയത്. ജിതിനിൽ നിന്ന് 15,0399 രൂപയും ശ്രീഹരിയിൽ നിന്ന് 2.25 ലക്ഷം രൂപയുമാണ് കൈക്കലാക്കിയത്. ചെന്നൈ അണ്ണാ നഗറിലായിരുന്നു പ്രശാന്ത് താമസിച്ചിരുന്നത്. ഒഴുക്കോടെ ഇംഗ്ലീഷ് സംസാരിക്കുന്ന ഇയാൾ പലപ്പോഴും ഉന്നത ഉദ്യോഗസ്ഥനെ പോലെയാണ് സംസാരിക്കാറുള്ളത്.

(ശേഷം നാലാം പേജിൽ)

വളപട്ടണത്ത് ബൈക്ക് അപകടത്തിൽ ചുമട്ടുതൊഴിലാളി മരിച്ചു

വളപട്ടണം: വളപട്ടണം പാലത്തിലുണ്ടായ അപകടത്തിൽ ചുമട്ടുതൊഴിലാളി മരിച്ചു. അഴീക്കോട് ചാൽ കളത്തിൽകാവിനടുത്ത നരിക്കുട്ടി ബാബു (40) ആണ് മരിച്ചത്. ഇന്ന് രാവിലെ അഞ്ച് മണിയോടെയായിരുന്നു അപകടം. ജോലി സ്ഥലത്തേക്ക് പോകാനായി ബൈക്കിൽ പുറപ്പെട്ടതായിരുന്നു. പാലത്തിന് സമീപം അബോധാവസ്ഥയിൽ കാണപ്പെട്ട ബാബുവിനെ വളപട്ടണം പോലീസ് കൊയിലി ആശുപത്രിയിലെത്തിച്ചെങ്കിലും ജീവൻരക്ഷിക്കാനായില്ല. എങ്ങനെയാണ് അപകടം നടന്നതെന്ന് വ്യക്തമല്ല. പാപ്പിനിശേരിയിൽ കഴിഞ്ഞ ദിവസം തുടങ്ങിയ ഒരു പച്ചക്കറി കടയിൽ ചരക്ക് എത്തിയതറിഞ്ഞ് ഇറക്കാൻ വേണ്ടി പുറപ്പെട്ടതായിരുന്നു ബാബു. നരിക്കുട്ടി പത്മനാഭൻ-ചന്ദ്രിക ദമ്പതികളുടെ മകനാണ്. ഭാര്യ: സുനില. മക്കൾ: ഷാറോൺ, ഷമൽ, ഷായൂർ. സഹോദരങ്ങൾ: ഷാജി, ശ്രീജ.

മണക്കടവ് ശ്രീ മഹാവിഷ്ണു ക്ഷേത്രത്തിൽ
പിതൃതർപ്പണവും വാവുബലിയും
2018 ആഗസ്ത് 11ന് ശനിയാഴ്ച
(കർക്കിടകം– 26) രാവിലെ 5 മുതൽ

ഭക്തജനങ്ങളെ,
ഉത്തരമലബാറിൽ ശ്രീ മഹാവിഷ്ണു ഭഗവാന്റെ പൂർണ്ണകായ ബിംബ പ്രതിഷ്ഠയുള്ള ചുരുക്കം ക്ഷേത്രങ്ങളിലൊന്നായ മണക്കടവ് ശ്രീ മഹാവിഷ്ണു ക്ഷേത്രത്തിൽ കർക്കിടക വാവുബലിക്ക് വിപുലമായ സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നു. മഹാവിഷ്ണു ക്ഷേത്രത്തിൽ പിതൃതർപ്പണം നടത്തുന്നത് ഏറ്റവും ശ്രേഷ്ഠമാണ്. കർക്കിടക വാവുദിനമായ 2018 ആഗസ്ത് 11ന് (കർക്കിടകം 26 ശനിയാഴ്ച) പുലർച്ചെ 5 മുതൽ ഒരേ സമയം 50ൽപ്പരം ആളുകൾക്ക് ബലിയിടുന്നതിനുള്ള സൗകര്യം ക്ഷേത്രത്തിൽ ഒരുക്കിയിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക.
Ph: 0460 2287330, 8281964066, 9746378221

തളിപ്പറമ്പ സഹകരണ ആശുപത്രി
സൊസൈറ്റി ലിമിറ്റഡ് നമ്പർ സി.1468
ജനറൽ സർജറി വിഭാഗം
ഡോ. മഞ്ജുനാഥ്. എസ്.ബി
MBBS, MS (General Surgery)
ചാർജെടുത്തിരിക്കുന്നു
പരിശോധന സമയം:
രാവിലെ 9 മണി മുതൽ 1 വരെ,3 മുതൽ 6 മണി വരെ
ഡോ. വിനയ്കുമാർ. ബി
MBBS, MS
പരിശോധന സമയം: ഉച്ചക്ക് 2 മുതൽ 5 മണി വരെ
ടോക്കൺ മുൻകൂട്ടി ബുക്ക് ചെയ്യാവുന്നതാണ്
Ph: 0460 2300100

അഡ്മിഷൻ തുടരുന്നു
കേരള ഗവ. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നടത്തുന്നതും ITIക്ക് തുല്യമായതും PSC അംഗീകാരവുമുള്ള
ദ്വിവത്സര എഞ്ചിനീയറിങ്ങ് കോഴ്സുകൾ
- ഇലക്ട്രിക്കൽ എഞ്ചിനീയറിങ്ങ്
- റഫ്രിജറേഷൻ & എ.സി
- സിവിൽ എഞ്ചിനീയറിങ്ങ്
- ഓട്ടോ മൊബൈൽ എഞ്ചിനീയറിങ്ങ്
- ഇലക്ട്രോണിക്സ് & ടെലി കമ്യൂണിക്കേഷൻ
100% PLACEMENT ASSISTANCE
◆ മികച്ച പ്ലെയ്സ്മെന്റ് റെക്കോർഡ്
◆ അർഹതപ്പെട്ടവർക്ക് സ്കോളർഷിപ്പ്
◆ ബസ് യാത്രാ കൺസഷൻ
IITC
Old RT Office
Alakode Road
Manna, Taliparamba
INDIAN INSTITUTE OF TECHNICAL COURSES
(Recognised by Govt. of Kerala)
Ph: 0460 2206339, 9846118558